## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.877 /* | 29.09.2016 - ൽ മറുപടിയ്ക്ക്

## വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം

| ചോദ്യം<br>**ശ്രീ. ബി.ഡി. ദേവസ്സി** | ഉത്തരം<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ചാലക്കുടി ടൗണിൽ ഹൗസിംഗ് ബോർഡുവക സ്ഥലത്ത് അനുവദിച്ചിട്ടുള്ള വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത ഹോസ്റ്റലിൽ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (എ) തൃശ്ശൂർ ജില്ലയിലെ കിഴക്കേ ചാലക്കുടി വില്ലേജിൽ ഭവനനിർമ്മാണ ബോർഡ് വക സ്ഥലത്ത് അനുവദിച്ചിട്ടുള്ള വനിത ഹോസ്റ്റലിന്റെ സിവിൽ വർക്കുകൾ 98% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്ന് നിലകളിലായി 1149.09 ച.മീറ്ററിൽ 77 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണമാണ് നടന്നു കൊണ്ടിരിക്കുന്നത്. താഴെപ്പറയുന്ന സൗകര്യങ്ങളാണ് പ്രസ്തുത ഹോസ്റ്റലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>**(എ) ഗ്രൗണ്ട് ഫ്ലോർ**<br>(1) വികലാംഗർക്കുള്ള മൂന്ന് ബെഡ് കിടക്ക മുറി - 1 എണ്ണം (with attatched toilet)<br>(2) മൂന്ന് ബെഡ് കിടക്കമുറികൾ - 3 എണ്ണം<br>(3) ലോബി, ഓഫീസ് റൂം, മേട്രന്റെ മുറി, സർവന്റ്സ് റൂം, ഡേ കെയർ എന്നിവ<br>(4) ഡൈനിംഗ്, അടുക്കള, പാൻട്രി, സ്റ്റോർ (2 എണ്ണം) വർക്ക് ഏരിയ എന്നിവ.<br>(5) കോമൺ ടോയ്‌ലറ്റുകൾ, ബാത്ത് റൂമുകൾ എന്നിവ.<br>**(ബി) ഒന്നാം നില**<br>(1) മൂന്ന് ബെഡ് സിക്ക് റൂം (with attatched bath room)-1 എണ്ണം<br>(2) മൂന്ന് ബെഡ് കിടക്ക മുറികൾ - 7 എണ്ണം.<br>(3) ആറ് ബെഡ് ഡോർമിറ്ററി - 1 എണ്ണം.<br>(4) Recreation room/Reading room/common room<br>(5) കോമൺ ടോയ്‌ലറ്റുകൾ, ബാത്ത് റൂമുകൾ എന്നിവ. |

**(സി) രണ്ടാം നില**

(1) മൂന്ന് ബെഡ് ഗസ്റ്റ് റൂം ((with attatched bath room)-1 എണ്ണം

(2) മൂന്ന് ബെഡ് കിടക്കമുറികൾ - 7 എണ്ണം

(3) ആറ് ബെഡ് ഡോർമിറ്ററി (with attached toilet) – 1 എണ്ണം.

(4) അഞ്ച് ബെഡ് ഡോർമിറ്ററി - 1 എണ്ണം

(5) കോമൺ ടോയ്ലറ്റുകൾ, ബാത്ത് റൂമുകൾ എന്നിവ.

കെട്ടിടത്തിന്റെ വിസ്തീർണ്ണം

| | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | - 373.49 ച.മീ. |
| ഒന്നാം നില | - 370.38 ച.മീ. |
| രണ്ടാം നില | - 370.38 ച.മീ. |
| ടവർ റൂം | - 34.80 ച.മീ. |
| | ------------------ |
| ആകെ | - 1149.05 ച.മീ. |

| | | | |
|---|---|---|---|
| (ബി) | നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ബി) | ഡിസംബർ 2016-ൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ